# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4141 24.10.2016- ൽ മറുപടിയ്ക്ക്

## ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പിലെ ദുരിത ജീവിത സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.സി. ജോർജ്ജ്** | **ശ്രീ. പിണറായി വിജയൻ** **(മുഖ്യമന്ത്രി)** |
| എ) ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിലെ മലയാളികളുടെ ദുരിത പൂർണ്ണമായ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മന്ത്രിതല സംഘം ക്യാമ്പുകൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ട്, ശക്തമായ ഇടപെടൽ നടത്താൻ നടപടി സ്വീകരിക്കുമോ; | എ) & ബി) വിദേശ രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നത് കേന്ദ്ര വിദേശ കാര്യ വകുപ്പും എംബസിയും ചേർന്നാണ്. കേരളീയർക്ക് മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനമോ സഹായമോ പ്രദാനം ചെയ്യാൻ വ്യവസ്ഥയില്ല. എന്നാൽ വിദേശ കാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്.മന്ത്രിതല സംഘം ക്യാമ്പുകൾ സന്ദർശിക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| ബി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ